# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

2014 ജൂൺ 18, ബുധൻ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ - 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| ജലവിഭവ വകുപ്പുമന്ത്രി |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി |
| പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ നിധിശേഖരം

*T211 ശ്രീ. കെ. രാധാകൃഷ്ണൻ
,, ജി. സുധാകരൻ
'' പി. ശ്രീരാമകൃഷ്ണൻ
'' സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറകളിൽ സൂക്ഷിച്ച നിധിശേഖരത്തിൽ നിന്നും പല അമൂല്യവസ്തുക്കളും കടത്തിയിട്ടുണ്ട് എന്ന വിദഗ്ദ്ധസമിതി മുൻ അദ്ധ്യക്ഷന്റെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ എന്ത് അന്വേഷണം നടത്താനാണ് ആലോചിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇക്കാര്യത്തിൽ രാജകുടുംബവും സർക്കാരും ഒത്തുകളിച്ചെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ;

(സി) അമൂല്യനിധിശേഖരത്തിന്റെ നഷ്ടത്തെക്കുറിച്ച് ബാഹ്യ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ജലവിഭവ ലഭ്യത</u>

*212 ശ്രീ. സി. മോയിൻകുട്ടി
,, സി. മമ്മൂട്ടി
,, റ്റി. എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വിശദമാക്കുമോ;

(ബി) സ്വാഭാവിക നീരൊഴുക്കുകളുടെ സംരക്ഷണം, അവ മാലിന്യമുക്തമാക്കൽ എന്നിവയ്ക്കായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ശുദ്ധജല ലഭ്യതയും ഉപയോഗവും സംബന്ധിച്ച കണക്ക് ശേഖരിക്കാറുണ്ടോ; എങ്കിൽ 2012-13, 2013-14 വർഷങ്ങളിലെ കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

കൃത്രിമമായി പഴുപ്പിച്ച പഴങ്ങളുടെ വില്പന തടയാൻ നടപടി

*213 ശ്രീ. സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാരകമായ രാസപദാർത്ഥങ്ങൾ ഉപയോഗിച്ച് മാമ്പഴം അടക്കമുള്ള പഴങ്ങൾ കൃത്രിമമായി പഴുപ്പിച്ച് അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ വിപണിയിലെത്തിച്ച് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഭക്ഷ്യസുരക്ഷാവകുപ്പ് ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇത്തരത്തിൽ കൃത്രിമമായി പഴങ്ങൾ പഴുപ്പിക്കാൻ ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഈ രാസവസ്തുക്കൾ ഏതുതരത്തിൽ മനുഷ്യശരീരത്തെ ബാധിക്കുമെന്ന് പഠനം നടത്താനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) മാമ്പഴ സീസൺ മുഴുവൻ ഭക്ഷ്യസുരക്ഷാവകുപ്പ് വിപണിയിൽ പരിശോധന ശക്തമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.06.2014–ലെ മറുപടിക്ക്

## നാഷണൽ അക്രഡിറ്റേഷൻ ലാബുകളിലെ മരുന്ന് പരിശോധന

*214 ശ്രീ. കെ. എം. ഷാജി
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ വിതരണത്തിനുള്ള മരുന്നുകളുടെ പരിശോധന നാഷണൽ അക്രഡിറ്റേഷൻ ഉള്ള ലാബിൽ നടത്തണമെന്ന നിബന്ധന മരുന്നു വിതരണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ മരുന്നിന്റെ ലഭ്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിനകത്ത് നിലവിൽ അക്രഡിറ്റേഷൻ ഉള്ള എത്ര ലാബുകളുണ്ട്; അവയിൽ സർക്കാരിന്റെ കീഴിലുള്ളവ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

ഐ. ടി. മേഖലയിൽ തൊഴിൽ നിയമങ്ങൾ ബാധകമാക്കൽ

*215 ശ്രീ. ബി. സത്യൻ
,, സാജു പോൾ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. ടി. മേഖലയിൽ പണിയെടുക്കുന്നവർ കടുത്ത ചൂഷണത്തിനിരയാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐ. ടി. മേഖലയിൽ തൊഴിൽ നിയമങ്ങൾ ബാധകമാക്കാൻ തയ്യാറാകുമോ;

(സി) ജീവനക്കാരുടെ അസോസിയേഷനുകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കാൻ തയ്യാറാകുമോ;

(ഡി) കമ്പനികളിൽ തൊഴിൽ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള പരിശോധന നടത്താറുണ്ടോ;

(ഇ) സംസ്ഥാനത്തെ ഐ. ടി. കമ്പനികളിലെ തൊഴിലാളികൾ എത്രയാണെന്ന കണക്കുകൾ തൊഴിൽ വകുപ്പിൽ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2014–ലെ മറുപടിക്ക്

<u>പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്ക് ഹോസ്റ്റല്‍ സൗകര്യം</u>

*216 ശ്രീ. എം. ഉമ്മര്‍
,, വി.എം. ഉമ്മര്‍ മാസ്റ്റര്‍
,, എന്‍. ഷംസുദ്ദീന്‍
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്ക് ഹോസ്റ്റല്‍ സൗകര്യമേര്‍പ്പെടുത്തുന്ന കാര്യത്തില്‍ എത്രത്തോളം പുരോഗതി കൈവരിക്കാനായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 2013–14 അധ്യയന വര്‍ഷം എത്ര വിദ്യാര്‍ത്ഥികളാണ് ഹോസ്റ്റല്‍ സൗകര്യം ഉപയോഗപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ ;

(സി) അടുത്ത വര്‍ഷം ഹോസ്റ്റല്‍ സൗകര്യം വര്‍ദ്ധിപ്പിക്കുന്നതിന് ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദവിവരം നല്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി</u>

*217 ശ്രീ. വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോട്ടലുകൾക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് എത്ര ഹോട്ടലുകളുണ്ട്; ഇതിൽ ഭക്ഷ്യ സുരക്ഷാ ലൈസൻസ് എടുത്തിട്ടുള്ള എത്ര ഹോട്ടലുകളുണ്ട്; ലൈസൻസ് എടുക്കാത്തവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

(സി) ഹോട്ടലുകളുടെ നിലവാരം ഉയർത്തുന്നതിനും മികച്ച ഭക്ഷണം ലഭ്യമാക്കുന്നതിനും എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

താലൂക്ക് ആശുപത്രികളിലെ അപര്യാപ്തതകൾ

*218 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ സ്ഥിരമായി ഒഴിഞ്ഞു കിടക്കുന്ന വിഭാഗങ്ങളിൽ എൻ.ആർ.എച്ച്.എം ൽ നിന്നല്ലാതെ സ്ഥിര നിയമനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) അനസ്തേഷ്യ വിഭാഗം പ്രവർത്തിക്കാത്ത താലൂക്ക് ആശുപത്രികൾ കൊല്ലം ജില്ലയിൽ എത്രയുണ്ടെന്ന് വിശദമാക്കുമോ ;

(സി) മതിയായ തിയറ്റർ, അനസ്തേഷ്യ സംവിധാനങ്ങൾ ഇല്ലാത്തതിനാൽ മൈനർ ഓപ്പറേഷൻ പോലും ജില്ലാ ആശുപത്രിയിലേക്കോ മെഡിക്കൽ കോളേജിലേക്കോ റഫർ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ജെയിംസ് കമ്മിറ്റിയുടെ പ്രവര്‍ത്തനം</u>

*219 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എം.എ. ബേബി
,, എം. ഹംസ
,, എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സ്വാശ്രയ മെഡിക്കല്‍ പ്രവേശന പ്രക്രിയയ്ക്ക് മേല്‍നോട്ടം വഹിക്കേണ്ട ജെയിംസ് കമ്മിറ്റിയുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) മെയ് 31-നകം പ്രവേശന പരീക്ഷ നടത്തണമെന്ന സുപ്രീംകോടതി നിര്‍ദ്ദേശം ലംഘിച്ച മാനേജ്മെന്റുകള്‍ കൂടുതല്‍ സമയം ആവശ്യപ്പെട്ടുകൊണ്ട് സുപ്രീം കോടതിയെ സമീപിക്കുന്നതായി വന്ന വാര്‍ത്ത ശ്രദ്ധയില്‍പ്പെട്ടിരുന്നോ;

(സി) മേല്‍നോട്ട സമിതിയെ നോക്കുകുത്തിയാക്കുന്ന മാനേജ്മെന്റിന്റെ പ്രവര്‍ത്തനങ്ങള്‍ക്കെതിരെ എന്ത് നടപടിയെടുക്കുമെന്ന് അറിയിക്കാമോ;

(ഡി) വിദ്യാര്‍ത്ഥി താല്പര്യം സംരക്ഷിക്കാന്‍ സമിതിയെ പുന:സംഘടിപ്പിച്ചു ശക്തിപ്പെടുത്താന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ അടിസ്ഥാന സൗകര്യം</u>

*220 ശ്രീ. സാജു പോൾ
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. ബാബു എം പാലിശ്ശേരി
ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾക്ക് കരാറുകാരോ സ്ഥാപന ഉടമകളോ മാന്യമായ താമസസൗകര്യം ഒരുക്കിന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലേബർ ക്യാമ്പുകളിൽ പരിശോധന നടത്തി അടിസ്ഥാന സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(ബി) ന്യായമായ നിരക്കിൽ മാന്യമായ താമസസൗകര്യം ഒരുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) രജിസ്ട്രേഷൻ നിർബന്ധമാക്കി യഥാർത്ഥ തൊഴിലാളികൾക്ക് സംരക്ഷണം നൽകാനും ക്രിമിനൽ പശ്ചാത്തലമുള്ളവരെ ഒഴിവാക്കാനും ഫലപ്രദമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം</u>

*221 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, എൻ. ഷംസുദ്ദീൻ
,, വി. എം. ഉമ്മർ മാസ്റ്റർ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും, സാക്ഷ്യപ്പെടുത്തുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(ബി) ഗുണനിലവാരമില്ലാത്ത ആയുർവേദ മരുന്നുകൾ വിപണിയിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നിയന്ത്രണ നടപടികൾ വ്യക്തമാക്കുമോ;

(സി) വ്യാജപരസ്യം നൽകി ഉപഭോക്താക്കളെ കബളിപ്പിക്കുന്നതിനെതിരെ കർശനനടപടി സ്വീകരിക്കുകയും മരുന്നിന്റെ പുതിയ കോമ്പിനേഷനുകൾ ഫലപ്രദമായി പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുമോ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

ഡി. റ്റി. പി. സി. ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികൾ

*222 ശ്രീ. കെ. എൻ. എ. ഖാദർ
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി
,, എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ടൂറിസം മേഖലയുടെ വികസനത്തിന് ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദ വിവരം നൽകുമോ;

(ബി) ഇവയുടെ പ്രവർത്തനത്തിന് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗരേഖ സംബന്ധിച്ച വിശദവിവരം നൽകുമോ;

(സി) കൗൺസിലിന്റെ ഘടനയെയും നിലവിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരെയും സംബന്ധിച്ച വിശദവിവരം നൽകുമോ ?

# കേരള നിയമസഭ
# 18.06.2014–ലെ മറുപടിക്ക്

<u>ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ് നവീകരണം</u>

*223 ശ്രീ. ആര്‍ സെല്‍വരാജ്
,, ഡൊമിനിക് പ്രസന്റേഷന്‍
,, ജോസഫ് വാഴക്കന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി–പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടൂറിസം വകുപ്പിന്റെ വെബ്സൈറ്റ് നവീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് നവീകരണം വഴി വെബ്സൈറ്റിലൂടെ ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) എത്ര ഭാഷകളിലാണ് വെബ്സൈറ്റുകള്‍ ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) വിനോദസഞ്ചാര വളര്‍ച്ചയ്ക്ക് വെബ്സൈറ്റ് നവീകരണം എത്രമാത്രം സഹായകരമാകുമെന്നാണ് കരുതുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>രജിസ്റ്റേർഡ് ഫാർമസിസ്റ്റുകളുടെ സേവനം</u>

*224 ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫാർമസി ആക്ടിന്റെ സെക്ഷൻ 42 അനുസരിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും ഫാർമസികളിലും മെഡിക്കൽ സ്റ്റോറുകളിലും യോഗ്യതയുള്ള രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾ തന്നെ കൈകാര്യം ചെയ്യേണ്ടതാണെന്നുള്ള വ്യവസ്ഥ ലംഘിക്കപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപ്രകാരം യോഗ്യതയുള്ള രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾ ഇല്ലാത്ത ഫാർമസികളും മെഡിക്കൽ സ്റ്റോറുകളും കേരളത്തിലുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഫാർമസിസ്റ്റുകളുടെ നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും സർക്കാർ ആശുപത്രികളോടനുബന്ധിച്ചുള്ള ഫാർമസികളിൽ ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**18.06.2014–ലെ മറുപടിക്ക്**

<u>ദേശീയ ജലപാതയുടെ നിർമ്മാണം</u>

*225 ശ്രീ. എം.വി. ശ്രേയാംസ് കുമാർ
,, പി.സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം–കോട്ടപ്പുറം ജലപാതയെ ദേശീയ ജലപാതയായി പ്രഖ്യാപിച്ചത് എന്നാണ്; പ്രസ്തുത ജലപാതയുടെ സവിശേഷതകൾ എന്തെല്ലാമാണ്;

(ബി) ദേശീയ ജലപാതയുടെ നിർമ്മാണപ്രവൃത്തികൾ എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞു;

(സി) പ്രസ്തുത ജലപാതയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്;

(ഡി) ദേശീയ ജലപാതയുടെ നിർമ്മാണം മിഷൻ 676–ൽപ്പെടുത്തി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>യുവാക്കളിൽ അസ്ഥിരോഗം വർദ്ധിക്കുന്നതായുള്ള പഠന റിപ്പോർട്ട്</u>

*226 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കളിൽ അസ്ഥിരോഗം വർദ്ധിക്കുന്നതായുള്ള ഹാർവാർഡ് മെഡിക്കൽ സർവ്വകലാശാലയും അസ്ഥിരോഗ വിദഗ്ദ്ധരും ചേർന്ന് തയ്യാറാക്കിയ പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പഠന റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇത്തരം രോഗങ്ങൾ തടയുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾക്കും, രോഗബാധിതർക്ക് ആവശ്യമായ ചികിത്സ നൽകുന്നതിനും ആരോഗ്യ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ഹൈറേഞ്ച് ഇക്കോ ടൂറിസം പദ്ധതി</u>

*227 ശ്രീ. കെ. അജിത്
,, ഇ. കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഗ്രാമങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഹൈറേഞ്ച് ഇക്കോ ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) തലസ്ഥാന ജില്ലയിൽ ഈ പദ്ധതിയുടെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിലായി നടപ്പാക്കാനുദ്ദേശിച്ചിരുന്ന പദ്ധതികൾ ഏതെല്ലാം ;

(സി) ഹൈറേഞ്ച് ഇക്കോ ടൂറിസം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 18.06.2014–ലെ മറുപടിക്ക്

<u>മാരകമായ 'മെർസ്' രോഗം കേരളത്തിലേക്ക് വ്യാപിക്കാതിരിക്കാൻ നടപടി</u>

*228 ശ്രീ. ജെയിംസ് മാത്യു
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളീയർ ധാരാളമുള്ള സൗദി അറേബ്യയിൽ പടർന്നു പിടിച്ചിട്ടുള്ള മാരകമായ 'മെർസ്' കേരളത്തിലേക്ക് വ്യാപിക്കാതിരിക്കാനായി സർക്കാർ എന്തൊക്കെ കരുതൽ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ബി) വിമാനത്താവളങ്ങളിൽ ഇതിനായി ഏതെങ്കിലും തരത്തിലുള്ള പരിശോധനാ സംവിധാനം ഏർപ്പാടാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഈ രോഗം കണ്ടെത്താനായുള്ള വൈറസ് പരിശോധനാ സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ?

**കേരള നിയമസഭ**
**18.06.2014-ലെ മറുപടിക്ക്**

<u>'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി</u>

*229 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ശബരിമല നിർമ്മാണ പ്രവർത്തനങ്ങൾക്ക് പരിസ്ഥിതി സൗഹാർദ്ദ നയം രൂപീകരിക്കാൻ നടപടി</u>

*230 ശ്രീ. എം. പി. വിൻസെന്റ്
,, പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ കാനനപാത പരിസ്ഥിതി സൗഹാർദ്ദ രീതിയിൽ നവീകരിക്കുമോ;

(ബി) ശബരിമലയിലെ നിർമ്മാണ പ്രവൃത്തികൾക്ക് ഇക്കോ ഫ്രെണ്ട്ലി നയം നടപ്പിലാക്കുമോ;

(സി) ശബരിമല തീർത്ഥാടകർ പമ്പാനദിയിൽ ഉപേക്ഷിക്കുന്ന വസ്ത്രങ്ങളും മാലിന്യവസ്തുക്കളും മൂലം ഉണ്ടാകുന്ന നദീമലിനീകരണം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

**കേരള നിയമസഭ**
**18.06.2014–ലെ മറുപടിക്ക്**

<u>നഴ്സുമാരുടെ മിനിമം വേതനം ഉറപ്പുവരുത്തൽ</u>

*231 ശ്രീ. ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്
,, എം.എ. വാഹീദ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്വകാര്യ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചത്; വിശദമാക്കുമോ;

(ബി) സ്വകാര്യ ആശുപത്രി ഉൾപ്പെടെ സർക്കാരിതര സ്വകാര്യ സ്ഥാപനങ്ങളിലെ നഴ്സുമാരുടെ മിനിമം വേതനം ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>ഉന്മൂലനം ചെയ്തിരുന്ന രോഗങ്ങളുടെ തിരിച്ചുവരവ്</u>

*232 ശ്രീ. പി.കെ. ബഷീര്‍
'' റ്റി.എ. അഹമ്മദ് കബീര്‍
'' പി.ബി. അബ്ദുള്‍ റസാക്
'' അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഊര്‍ജ്ജിതമായ ആരോഗ്യ സംരക്ഷണ പ്രവര്‍ത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തുനിന്നും ഉന്മൂലനം ചെയ്തിരുന്ന പല രോഗങ്ങളും വീണ്ടും കണ്ടുതുടങ്ങിയ കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) അതിനാധാരമായ കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടെങ്കില്‍ അതു സംബന്ധിച്ച വിശദവിവരം നല്കുമോ ;

(സി) സംസ്ഥാനത്തിനകത്തേക്കുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ അനിയന്ത്രിതമായ വരവ് ഈ പ്രശ്നത്തിന് കാരണമാകുന്നുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കില്‍ അടിയന്തിരമായി ഇക്കാര്യം പരിശോധിക്കുമോ ?

**കേരള നിയമസഭ**
**18.06.2014–ലെ മറുപടിക്ക്**

<u>ജലവിമാന സർവ്വീസ് പദ്ധതി</u>

*233 ശ്രീ. മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല വിമാന സർവ്വീസ് ആരംഭിച്ചതെന്നാണ്; ഈ പദ്ധതി ആരംഭിച്ചതിനു ശേഷം ഇതുവരെയായി ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ജല വിമാന സർവ്വീസ് നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർവ്വീസുകൾ നടത്തുന്നതിന് ഇപ്പോൾ എത്ര വിമാനങ്ങൾ കൈവശമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജലവിമാന സർവ്വീസുകൾ നടത്തുന്നതിനെതിരെ എവിടെയെങ്കിലും പ്രക്ഷോഭങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ</u>

*234 ശ്രീ. ജി. സുധാകരൻ
,, സി.കെ. സദാശിവൻ
,, ആർ. രാജേഷ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിലൂടെ ജലവിഭവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളൊന്നും പൂർത്തീകരിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ;

(സി) തുക അനുവദിക്കുന്നതിലും തുക വിനിയോഗിക്കുന്നതിലും കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ദേവസ്വം നിയമനങ്ങളിലെ സംവരണം</u>

*235 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. കെ. ഗുരുദാസൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിലേക്കുള്ള നിയമനത്തിൽ അഴിമതി ആരോപണം ഉന്നയിക്കപ്പെട്ടതിനെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കണമെന്ന പട്ടികജാതി ക്ഷേമസമിതിയുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 18.06.2014-ലെ മറുപടിക്ക്

<u>ജലസേചന-കുടിവെള്ള പദ്ധതികളുടെ പൂര്‍ത്തീകരണം</u>

*236 ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയില്‍
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജലസേചനപദ്ധതികളും കുടിവെള്ള പദ്ധതികളും പൂര്‍ത്തീകരിക്കുന്ന കാര്യത്തില്‍ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പൂര്‍ത്തീകരിക്കപ്പെടാത്ത എത്ര ജലസേചന, ശുദ്ധജല പദ്ധതികള്‍ ഇപ്പോള്‍ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അതില്‍ ഉപേക്ഷിക്കപ്പെട്ട പദ്ധതികള്‍ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഉപേക്ഷിക്കാത്ത പദ്ധതികള്‍ പൂര്‍ത്തീകരിക്കാന്‍ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>വെള്ളക്കരം വർദ്ധനയുടെ നിരക്ക്</u>

*237 ശ്രീമതി ഗീതാ ഗോപി
ശ്രീ. സി. ദിവാകരൻ
,, വി. ശശി
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളായിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്നുമുതൽ വർദ്ധിച്ച നിരക്ക് പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗാർഹിക ഉപഭോക്താക്കൾക്കുള്ള വെള്ളക്കരത്തിന്റെ നിലവിലുള്ള മിനിമം നിരക്ക് എത്രയാണ്; ഇത് എത്രയായി വർദ്ധിക്കും;

(സി) ഗാർഹികേതര വിഭാഗങ്ങൾക്കുള്ള വെള്ളത്തിന് കിലോലിറ്ററിന് നിലവിലുള്ള നിരക്ക് എത്ര; വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്ന നിരക്ക് എത്ര; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യമേഖയിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം</u>

*238 ശ്രീ. പാലോട് രവി
'' എം. പി. വിൻസെന്റ്
'' ആർ. സെൽവരാജ്
'' പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യമേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ തൊഴിൽപരമായ സംരക്ഷണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരുടെ മിനിമം വേതനം ഉറപ്പ് വരുത്തുന്നതിൽ എത്രത്തോളം പുരോഗതി ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) സ്വകാര്യ മേഖലയിൽ സേവനം അനുഷ്ഠിക്കുന്നവരുടെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യ മേഖലയിലെ തൊഴിൽപരമായ ചൂഷണം അവസാനിപ്പിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>റണ്ണിംഗ് കോൺട്രാക്ട് സംവിധാനം</u>

*239 ശ്രീ. പി.കെ. ഗുരുദാസൻ
,, വി. ചെന്താമരാക്ഷൻ
,, എ. പ്രദീപ്കുമാർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലഅതോറിറ്റിയിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) ഉന്നത ഉദ്യോഗസ്ഥരുടെ ഒത്താശയോടെ റണ്ണിംഗ്കോൺട്രാക്ട് കരാറുകാർ 80 കോടിയോളം രൂപ തട്ടിയെടുത്തതായുള്ള വാർത്തയുടെ പശ്ചാത്തലത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിരുന്നോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കൃത്രിമങ്ങൾ തടയാനായി പുതുതായി എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2014-ലെ മറുപടിക്ക്

<u>ആശാവർക്കേഴ്സിന്റെ പ്രവർത്തനവും ഓണറേറിയവും</u>

*240 ശ്രീ. എളമരം കരീം
,, ഇ. പി. ജയരാജൻ
,, എം. ചന്ദ്രൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ ആശ (അക്രെഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റ്)കളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കഴിഞ്ഞ 14 മാസമായി ഇവർക്ക് ഓണറേറിയം നൽകാത്തതിന്റെ കാരണം അറിയിക്കുമോ ; ഓണറേറിയം ഉടനടി വിതരണം ചെയ്യാൻ തയ്യാറാകുമോ ;

(സി) ആശ വർക്കേഴ്സിന്റെ ഓണറേറിയം നൽകാനായി കേന്ദ്ര ധനസഹായമെത്രയെന്നും സംസ്ഥാന വിഹിതമെത്രയെന്നും അറിയിക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 9.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.